"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1546 ന് അനുവദിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.493/2025/Co-Op തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:-

1. 17/02/2015 ലെ എൻ സി ഡി സി 59/6/2014/(റ്റി വി എം) 257/എസ് എ 40151 നം. കത്ത്
2. സ.ഉ.(സാധാ)നം.512/2024/സഹ തീയതി 10/10/2024
3. 02/07/2025 ലെ സഹകരണ സംഘം രജിസ്ട്രാറുടെ പി &എം എ (3) 5244/2025 നം. കത്ത്
4. സ.ഉ.(സാധാ)നം.483/2025/സഹ തീയതി 05/11/2025
5. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1546 ന് ഹെഡ് ഓഫീസ് കെട്ടിട വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി പരാമർശം (1) പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 20.455 ലക്ഷം രൂപ (ഇരുപത് ലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ഓഹരി 4425- 108-42-34-3, 7.115 ലക്ഷം രൂപ; വായ്പ – 6425-108-19, 13.34 ലക്ഷം രൂപ) 2025-2026 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് നം. 1546 ന് അനുമതി ലഭിച്ച എൻ.സി. ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 20.455 ലക്ഷം രൂപയുടെ 50% തുകയായ 10.22 ലക്ഷം രൂപ (പത്ത് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) (4425-108-42-34-3 ശീർഷകത്തിൽ നിന്നും 3.55 ലക്ഷം രൂപ, 6425-108-19 ശീർഷകത്തിൽ നിന്നും 6.67 ലക്ഷം രൂപ) 2025-2026 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു

3. മേൽ തുക, പരാമർശം (5) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്. ബാക്കി തുക പദ്ധതിയുടെ പുരോഗതി വിലയിരുത്തി അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/157/2024/ധന)

വെബ് & ന്യൂ മീഡിയ,കരുതൽ ഫയൽ (ബി3/164/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 10-11-2025 14:58:19

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ .